## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ** 4499 25-10-2016 -ൽ **മറുപടിക്ക്**

### അംഗൻവാടികളുടെ വൈദ്യുതീകരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ആന്റണി ജോൺ : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ)<br><br><br><br><br><br><br>(ബി) | സംസ്ഥാനത്തെ അംഗൻവാടികളിൽ പലതും വൈദ്യുതീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br><br><br><br><br>സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി യിൽ അംഗൻവാടികളെ കൂടി ഉൾപ്പെടുത്തുമോ; വ്യക്തമാക്കാമോ? | (എ)<br>&<br>(ബി) | കെട്ടിട നമ്പർ ഇല്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കഴിയാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു പരിഹരിക്കുന്നതിനായി കെട്ടിട നമ്പർ ഇല്ലാതെ അംഗൻവാടികളായി പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക്, ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ നീതി വകുപ്പ് ഓഫീസറുടെയോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ മറ്റ് ഓഫീസറുടെയോ സാക്ഷ്യപ്പെടുത്തും പ്രകാരം വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ അംഗൻവാടികൾക്കും വൈദ്യുതി കണക്ഷൻ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

Hemalatha

സെക്ഷൻ ഓഫീസർ